കൃഷിയും അനുബന്ധ മേഖലകളും

വളക്കൂറില്ലാത്ത പഞ്ചസാര മണൽ നിറഞ്ഞ ഒരു ഗ്രാമം

അതായിരുന്നു 1995 നുമുൻപ് കഞ്ഞിക്കുഴി

അവിടെയവിടെയായി

ചിലവിട്ടുകാർ കൃഷിക്കാരായുണ്ട്

അതും പ്രധാന വിളയായതെങ്ങുകൃഷി ക്കിടയിലെ ഇടവിള കൃഷി.

പച്ചക്കറികൾ ചുരുക്കമാൾക്കാർക്കു മാത്രമേ ഉൽപ്പാദിപ്പിക്കാൻ അറിയു എന്നായിരുന്നു വിശ്വാസം.

അവരല്ലാതെ മറ്റാരും കൃഷിചെയ്താൽ ഉണ്ടാവില്ലായെന്ന ധാരണക്കാർ.

അവിടെയാണ് പി. പി. സ്വാതന്ത്ര്യം എന്ന ഭരണാധികാരിയുടെ ഇടപെടൽ.

ഒരുപഞ്ചായത്തിന് അവിടുത്തെ ജനങ്ങളെ എങ്ങനെ ഒരു പദ്ധതിയിൽ പൂർണ്ണമായി പങ്കാളികളാക്കി വിജയിപ്പിക്കാമെന്ന് അദ്ദേഹം കാണിച്ചു തന്നു.

അതൊരു കൂട്ടായ്മയുടെ വിജയമായിരുന്നു

പദ്ധതി നടത്തിപ്പിൽ പരിപൂർണ്ണമായും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുകയെന്ന അന്നത്തെ കാലത്തെ ദുഷ്കരമായ ദൗത്യമാണ് പി. പി. സ്വാതന്ത്ര്യമെന്ന പഞ്ചായത്തു പ്രസിഡന്റ് കഞ്ഞിക്കുഴിയിൽ നടത്തി കാണിച്ചത്

അതൊരുപക്ഷേ ആ നാടിന്റെ തൊഴിലാളി വർഗ്ഗ രാഷ്ട്രീയ ഇച്ഛാശക്തിയാവാം.

ഒരുപദ്ധതിക്കായി പഞ്ചായത്തുമുടക്കിയ പണം കൃത്യമായി എല്ലാ കുടുംബങ്ങളിലുമെത്തിയെന്ന ഉറപ്പുവരുത്തൽ .....

അവിടെ തുടങ്ങി കഞ്ഞിക്കുഴിയുടെ വിജയം .....

അതിനായി അമ്പതു വീടിന്അയൽക്കൂട്ടങ്ങൾ

ഒരു പുരുഷനും സ്ത്രീയുംകൺവീനറും ജോയിന്റെ കൺവീനറുമായി പഞ്ചായത്തിലെ പതിനൊന്നു വാർഡിലും രൂപം കൊണ്ടു.

അവരായിരുന്നു ജനകീയ പച്ചക്കറി കൃഷിയുടെ വിജയശിൽപ്പികൾ.

വിപണി വരെ ഉറപ്പാക്കുന്ന വിപുലമായ

ജനകീയ ഇടപെടലുകൾ.

പഞ്ചായത്തിന്റെ ഓഫീസിലേയ്ക്ക് വിൽപ്പനയ്ക്കായി പച്ചക്കറികളുമായെത്തുന്നവർ ഒരുപാടായിരുന്നു

അതിന് നേതൃത്വം കൊടുക്കാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും.

ഇന്ന് ഒരു പച്ചമുളകിന്റെ തൈ എങ്കിലും വീട്ടുവളപ്പിൽവച്ചുപിടിപ്പിച്ചില്ലായെങ്കിൽ മോശമാണന്ന തോന്നൽ എല്ലാകുടുംബങ്ങളിലും ഉണ്ടാക്കുവാൻ അന്നുമുതൽ ആരംഭിച്ച

ആ ജനകീയ കാമ്പയിനുകഴിഞ്ഞു

അയൽക്കൂട്ട യോഗങ്ങളിൽ കൃഷി മാത്രമല്ല ചർച്ചയായത്

പ്രദേശത്തിന്റെ മറ്റ് ആവശ്യകതയും ഉയർന്നുവന്നു

അതൊരു വലിയ തുടക്കമായിരുന്നു

ആ ആശയത്തിന്

കരുത്തു പകർന്ന് അന്നത്തെ പ്ലാനിംഗ് ബോർഡംഗമായിരുന്ന ഡോ തോമസ് ഐസക്ക് എത്തി

കൂടെ ഒരുപാട് സന്നദ്ധ സേവന പ്രവർത്തകരും

അവരുടെ പരീക്ഷണശാലയായി അങ്ങനെ കഞ്ഞിക്കുഴി മാറി.

അവർ എഴുതിയ ,പറഞ്ഞ കാര്യങ്ങൾ ഞങ്ങൾ കഞ്ഞിക്കുഴിക്കാർ പ്രാവർത്തികമാക്കി മറ്റുള്ളവരുടെ മുമ്പിൽകാണിച്ചു .....

അതാണ് കഞ്ഞിക്കുഴി മോഡൽ.

ഒരു ജനപങ്കാളിത്ത പദ്ധതി

ഇന്ന്

എവിടെയോ

താള പിഴകൾ വരുന്നില്ലേ?

ഇത്തരം ജനകീയ കൂട്ടായ്മകളുടെ പ്രസക്തിക്ക് മങ്ങൽ കുറയുന്നോ?

ഇല്ലായെന്ന് ഉറപ്പിച്ചു പറയാൻ ഞങ്ങൾ കഞ്ഞിക്കുഴിക്കാർക്കും ഇപ്പോൾ പറ്റുന്നില്ല

എവിടെയാ

പാളിച്ച തുടങ്ങിയത്

1995 ൽ ആരംഭിച്ച ആകൂട്ടായ്മ

ജനകീയാസൂത്രണമായി മാറിയത് ആവേശമായിരുന്നു

ഉദ്യോഗസ്ഥർ

ജനകീയാസൂത്രണത്തെ അന്ന് മനസു നിറഞ്ഞ് സ്വീകരിച്ചു ...മറ്റുള്ളവരും

അന്നവർ ജനപ്രതിനിധികളോടും സന്നദ്ധ പ്രവർത്തകരോടും ഒപ്പം കൂടാൻ ഒരു മടിയും കാണിച്ചിരുന്നില്ല

ഇന്നതാണോ?

അധികാര വികേന്ദ്രീകരണം

ആവശ്യമാണോയെന്ന് നടപ്പിലാക്കേണ്ടവരുടെ മനസിൽ പോലും സംശയം വരുന്ന തരത്തിലാകുന്നു

ജനകീയാസൂത്രണത്തിന് പ്രായമായി

.. ചെറുപ്പം കാത്തുസൂക്ഷിക്കാനുള്ള വഴികൾ രൂപികരിക്കുന്നതിൽ പിഴവുണ്ടായി....

പുതിയ ഒരു വിഭാഗത്തിന്

കൂട്ടായ്മകളുടെ

കൂടിച്ചേരലുകളുടെ

വിജയഗാഥകൾ പറഞ്ഞു കൊടുക്കാൻ സമയമില്ലാതായി

അതുകൊണ്ടുതന്നെ അവർക്കറിയില്ല

ആ മഹത്തായ ആശയത്തിന്റെ

ആവശ്യകത

ഇവിടെ

നമുക്ക്

പരിശ്രമിക്കാം

ആ നല്ല നാളുകൾ തിരികെ കൊണ്ടുവരുവാൻ .....

ഒരു നാടിനു വേണ്ട ആവശ്യങ്ങൾ അവർ തന്നെ തീരുമാനിക്കുന്ന

നടപ്പാക്കുന്ന

നാളേക്കായി

ഇതു മാറട്ടെ

അഡ്വ. എം സന്തോഷ് കുമാർ

പ്രസിഡന്റ്

കഞ്ഞിക്കുഴി ഗ്രാമ പഞ്ചായ